## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.724 — 05/06/2018-ൽ മറുപടിക്ക്

### കായംകുളം ഇലക്ട്രിക്കൽ സബ്ഡിവിഷന് പുതിയ കെട്ടിട സമുച്ചയം

| | ചോദ്യം<br><br>**ശ്രീമതി. യു. പ്രതിഭ ഹരി** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം ഇലക്ട്രിക്കൽ സബ്ഡിവിഷന് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസിനും കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനോഫീസിനും പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ മധ്യ മേഖല വിതരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ബോർഡിനു ലഭിച്ചിട്ടുണ്ട്. ഇരുനിലകളിലായി 268.33 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം കായംകുളം വില്ലേജിൽ സർവ്വേ നമ്പർ 79/11-ൽ ഉൾപ്പെട്ട 17 സെന്റ് ഭൂമിയിൽ പണിയുന്നതിന് 81 ലക്ഷം രൂപയുള്ള ഭരണാനുമതി നല്കുന്നതിനാണ് പ്രൊപ്പോസൽ ബോർഡിന് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച ഭൂമി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പേരിൽ പതിച്ച് കിട്ടിയിട്ടില്ല. കെട്ടിടം പണിയുന്നതിന് ഭരണാനുമതി നല്കുന്ന വിഷയം ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ